**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** **11-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡ് നടപ്പിലാക്കുന്ന റവന്യൂ ടവർ നിർമ്മാണത്തിന്റെ പുരോഗതിയുടെ വിശദാംശം നൽകാമോ; | (എ) | പട്ടാമ്പി റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് 09/09/2021 തീയതിയിലെ സ.ഉ.(സാധാ)നം.3020/2021/റവ നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിനായി എത്ര രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന വിവരവും ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത നിർമ്മാണത്തിനായി 36.54 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കുകയും തുടർന്ന് കിഫ്ബിയുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിച്ചെലവ് 27.71 കോടി രൂപ ആയി കുറച്ചതിൻ പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആർ നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**File No.REV-F2/279/2021-REV**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തി - പാലക്കാട് ജില്ലയിലെ പട്ടാമ്പി റവന്യൂ ടവർ നിർമ്മാണം - വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.3020/2021/റവ. തീയതി, തിരുവനന്തപുരം, 09/09/2021

---

പരാമർശം:-

1. 31.08.2018 തീയതിയിലെ സ.ഉ (സാധാ) നം. 3570/2018/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 29.09.2018-തീയതിയിലെ സ.ഉ (സാധാ) നം. 4010/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
3. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 24.08.2021-ലെ കെ.എസ്.എച്ച്.ബി-എച്ച്ക്യു/570/2021-പി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി.

2] 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

3] പ്രസ്തുത പദ്ധതിയിൽ പാലക്കാട് ജില്ലയിലെ പട്ടാമ്പി റവന്യൂ ടവർ നിർമ്മാണം എന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ സർവ്വേ നമ്പർ 80/12, 80/13, 80/1B1B-ൽ പ്പെട്ട 50.54 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് 10 നിലകളിലായി 8883.37 ച.മീ തറ വിസ്തീർണ്ണമുള്ള കെട്ടിടം 36.58 കോടി രൂപ (15.08.2021 തീയതിയിൽ നിലവിൽ വന്ന 2018 DSR റേറ്റിലേക്ക് തുക കൊണ്ടുവരുന്നതിനായി 15% കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയാണിത്) പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖ ഭരണാനുമതിയ്ക്കായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിച്ച പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ സർവ്വേ നമ്പർ 80/12, 80/13, 80/1B 1B-ൽ പ്പെട്ട 50.54 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് 10 നിലകളിലായി 8883.37 ച.മീ തറ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാനുദ്ദേശിക്കുന്ന റവന്യൂ ടവർ കെട്ടിടത്തിന്റെ 36.58 കോടി രൂപയുടെ (മുപ്പത്തിയാറ് കോടി അൻപത്തിയെട്ട് ലക്ഷം രൂപ മാത്രം) പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Anilkumar K

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ